പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 310 — 01.12.2014-ൽ മറുപടിയ്ക്ക്

## മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ" ത്തിലേയ്ക്കായി 08.11.2012-ലെ സർക്കാർ ഉത്തരവ് (ആർ.ടി)നമ്പർ.253/12/S&YA പ്രകാരം അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്" -ന്റെ നിർമ്മാണത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി അനുവദിച്ച മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്" നിർമ്മാണത്തിന് വേണ്ടി 36 X 24 m സ്ഥലം ആവശ്യമായിട്ടുള്ളതാണ്. ഇത്രയും സ്ഥലം 'ടി' ഗ്രൗണ്ടിൽനിന്ന് ഏറ്റെടുത്താൽ ഇപ്പോൾ നിലവിലുള്ള ഫുട്ബോൾ കളിസ്ഥലത്തിന് സ്ഥലം നഷ്ടമാകും. ഇത് കാരണമാണ് നിർമ്മാണം നിർത്തിവച്ചിരിക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർ അക്കാര്യം അറിയിച്ചിട്ടുണ്ടോ ; | (ബി) | ഇക്കാര്യത്തിൽ തടസ്സം ഉള്ളതായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്. |
| (സി) | മൾട്ടി സ്പോർട്സ് സെന്റർ എലത്തൂർ നിയോജകമണ്ഡലത്തിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ് സ്ഥാപിക്കുന്നതിന് ആവശ്യമായ 36 X 24 m സ്ഥലം തെക്ക്-വടക്ക് ദിശയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ ലഭിക്കുന്ന പക്ഷം മാത്രമേ മൾട്ടി പർപ്പസ് കോർട്ട് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാകൂ. |

സെക്ഷൻ ഓഫീസർ